# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6660 — 12.07.2012-ൽ മറുപടിക്ക്

**നീതി സ്റ്റോറുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര നീതി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) 925 നീതി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) അവശ്യസാധനങ്ങളുടെ വിലനിയന്ത്രണ വുമായി ബന്ധപ്പെട്ട് നീതി സ്റ്റോറുകളിൽ പ്രത്യേക പരിപാടികൾ നടപ്പാക്കിയിട്ടുണ്ടോ; | (ബി) നീതി സ്റ്റോറുകൾ നടത്തുന്നത് തെരഞ്ഞെ ടുക്കപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങളാണ്. അവയ്ക്കാവശ്യമായ സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നത് കൺസ്യൂമർ ഫെഡറേഷനാണ്. പുതിയതായി നടപ്പാക്കിയിട്ടുള്ള നന്മ സ്റ്റോർ പദ്ധതി ഫെഡറേഷന്റെ നീതി സ്കീമിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. പല സഹകരണ സംഘങ്ങളും നീതി സ്റ്റോറുകളോടനുബന്ധിച്ച് നന്മ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. ഇവയിലൂടെ 10 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ കുറഞ്ഞ വിലയ്ക്ക് വിൽപ്പന നടത്തി വില നിയന്ത്രണത്തിന് സഹായി ക്കുന്നുണ്ട്. |
| (സി) നിയമസഭാ മണ്ഡലാടിസ്ഥാനത്തിലും പഞ്ചാ യത്തടിസ്ഥാനത്തിലും കൺസ്യൂമർഫെഡ് വിലനിയന്ത്രണത്തിനായി പുതിയ സംവി ധാനങ്ങൾ ആവിഷ്ക്കരിക്കാൻ നിർദ്ദേശ മുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (സി) എല്ലാ നിയോജക മണ്ഡലങ്ങളിലും ത്രിവേണി സ്റ്റോറുകൾ തുറന്ന് നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ ഉപഭോക്താക്കൾക്ക് എത്തിച്ചു കൊടുക്കുന്ന പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. വീട്ടുമുറ്റത്തൊരു ത്രിവേണി പദ്ധതിയുടെ ഭാഗമായി എല്ലാ നിയോജക മണ്ഡലങ്ങളിലും കുറഞ്ഞത് ഒരു സഞ്ചരിക്കുന്ന ത്രിവേണി എങ്കിലും ആരംഭിക്കും. സംസ്ഥാ നത്തെ എല്ലാ പഞ്ചായത്തുകളിലും ഒരു ത്രിവേണി യൂണിറ്റ് വീതം എങ്കിലും ആരംഭിക്കുന്ന പദ്ധതി നടപ്പാക്കി വരികയാണ്. കൂടാതെ ഫെഡറേഷൻ നേരിട്ട് നടത്തുന്ന നന്മ സ്റ്റോർ/ ത്രിവേണി സ്റ്റോർ വഴി പദ്ധതിയുടെ പ്രവർത്തനം വ്യാപകമാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ